## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 418

28.06.2011-ൽ മറുപടിക്ക്.

### പൂട്ടിക്കിടക്കുന്ന വ്യവസായ സ്ഥാപനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.എസ്. സുനിൽ കുമാർ :<br>ശ്രീമതി. ഗീതാ ഗോപി :<br>ശ്രീ. കെ. അജിത് :<br>ശ്രീ. ഇ. ചന്ദ്രശേഖരൻ : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി) |
| (എ) പൂട്ടിക്കിടക്കുന്ന ചില സ്വകാര്യ വ്യവസായ സ്ഥാപനങ്ങൾ ഏറ്റെടുക്കാനുള്ള സംസ്ഥാന സർക്കാർ തീരുമാനം കേന്ദ്ര സർക്കാർ തള്ളിക്കളഞ്ഞിട്ടുണ്ടോ ; | (എ) പൂട്ടിക്കിടക്കുന്ന ചില സ്വകാര്യ വ്യവസായ സ്ഥാപനങ്ങൾ ഏറ്റെടുക്കാനായി സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച ഓർഡിനൻസ് അംഗീകാരത്തിനായി കേന്ദ്ര സർക്കാരിന് അയയ്ക്കുകയുണ്ടായി. എന്നാൽ കേന്ദ്ര സർക്കാർ പ്രസ്തുത ഓർഡിനൻസ് പരിശോധിച്ചതിനുശേഷം സംസ്ഥാന സർക്കാരിന് ആവശ്യമെങ്കിൽ നിയമസഭയിൽ ബിൽ അവതരിപ്പിച്ച് പാസാക്കി പ്രസിഡന്റിന്റെ അംഗീകാരം നേടാവുന്നതാണെന്ന് നിർദ്ദേശിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രാലയം ഓർഡിനൻസ് 11.05.2011-ൽ മടക്കി അയച്ചു. |
| (ബി) എങ്കിൽ ഏതെല്ലാം വ്യവസായ സ്ഥാപനങ്ങൾ ഏറ്റെടുക്കാനുള്ള നടപടികൾക്കാണ് കേന്ദ്ര അംഗീകാരം ലഭിക്കാതെപോയതെന്ന് വ്യക്തമാക്കുമോ ; | (ബി) 1) ട്രാവൻകൂർ റയോൺസ്.<br>2) അലിൻഡ്.<br>3) കോമൺ വെൽത്ത് ഫാക്ടറി (കോംട്രസ്റ്റ്). |
| (സി) ഓരോ വ്യവസായ സ്ഥാപനങ്ങൾക്കുമുള്ള ആസ്തി എത്ര വീതമുണ്ടെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ എത്ര വീതം ; | (സി) ഇല്ല. |
| (ഡി) ഈ സ്ഥാപനങ്ങളിലെ തൊഴിലാളികളെ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ എടുത്തുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ? | (ഡി) 1946-ൽ സ്വകാര്യ മേഖലയിൽ സ്ഥാപിച്ച കമ്പനിയാണ് ട്രാവൻകൂർ റയോൺസ് ലിമിറ്റഡ്. പ്രസ്തുത കമ്പനി 2001 വരെ പ്രവർത്തിക്കുകയും തുടർന്ന് അടച്ചുപൂട്ടിയിരിക്കുകയുമാണ്. |

(തുടർച്ച.....2)

1946-ൽ തിരുവിതാംകൂറിലെ വ്യവസായ കേന്ദ്രമായ കൊല്ലം ജില്ലയിലെ കുണ്ടറയിൽ അലുമിനിയം ഇൻഡസ്ട്രീസ് (അലിൻഡ്) എന്ന കമ്പനി സ്ഥാപിതമായി. 1982 വരെ ലാഭകരമായി പ്രവർത്തിച്ചുവന്ന സ്ഥാപനം 1982-85 കാലത്തുണ്ടായ വ്യവസായ മാന്ദ്യം കാരണം 1987-ൽ സാമ്പത്തിക നഷ്ടം കമ്പനിയുടെ ആസ്തിയെക്കാളും അധികമാവുകയും 1987-ൽ കമ്പനി പീഡിത വ്യവസായ പുനരുദ്ധാരണ നിയമത്തിൻ കീഴിൽ (BIFR) റഫർ ചെയ്യുകയുമുണ്ടായി.

കോഴിക്കോട് മാനാഞ്ചിറയിലുള്ള ഹാൻഡ്‌ലൂം വീവിംഗ് ഫാക്ടറി 01.02.2009 മുതൽ പ്രവർത്തനരഹിതമാണ്. പ്രസ്തുത ഫാക്ടറി തുറന്ന് പ്രവർത്തിപ്പിക്കുവാൻ സ്വീകരിച്ച നടപടികളൊന്നും ഫലവത്തായില്ല.

മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനും, കമ്പനി തുറന്നു പ്രവർത്തിപ്പിക്കുന്നതിനും വേണ്ടി 2001 മുതൽ സർക്കാർ വിവിധ നടപടികൾ സ്വീകരിച്ചുവരികയാണ്. കമ്പനി തുറന്നു പ്രവർത്തിക്കുന്നതിലേക്കായി പല പ്രൊമോട്ടർമാരും മുന്നോട്ടു വരികയും അവരുമായി സർക്കാർ കരാറിൽ ഒപ്പിട്ടുവെങ്കിലും കരാർ പ്രകാരമുള്ള മേൽ നടപടികൾ സ്വീകരിക്കാത്ത സാഹചര്യത്തിൽ കമ്പനി തുറന്നു പ്രവർത്തിക്കുന്നതിനു ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് കഴിഞ്ഞില്ല. ഈ സാഹചര്യത്തിൽ കമ്പനികളിലെ ജീവനക്കാരുടെ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി കമ്പനി ഏറ്റെടുക്കുന്നതിനുള്ള ഓർഡിനൻസ് പുറപ്പെടുവിക്കുന്നതിന് തീരുമാനിക്കുകയും പ്രസ്തുത ഓർഡിനൻസ് അംഗീകാരത്തിനായി കേന്ദ്ര സർക്കാരിന് അയയ്ക്കുകയുമുണ്ടായി. എന്നാൽ കേന്ദ്ര സർക്കാർ പ്രസ്തുത ഓർഡിനൻസസ് പരിശോധിച്ചതിനുശേഷം സംസ്ഥാന സർക്കാരിന് ആവശ്യമെങ്കിൽ നിയമസഭയിൽ ബിൽ അവതരിപ്പിച്ച് പാസാക്കി പ്രസിഡന്റിന്റെ അംഗീകാരം നേടാവുന്നതാണെന്ന് നിർദ്ദേശിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രാലയം ഓർഡിനൻസ് 11.05.2011-ൽ മടക്കി അയച്ചു.

സെക്ഷൻ ഓഫീസർ